# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *412

18.12.2014 ൽ മറുപടിയ്ക്ക്

### എൻട്രൻസ് പരീക്ഷാരീതിയിൽ പരിഷ്കാരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ് | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) എൻട്രൻസ് പരീക്ഷാരീതിയിലും തുടർനടപടികളിലും അവസാനമായി പരിഷ്കാരം വരുത്തിയത് എന്നാണ്; | എ) 18.12.2014-ലെ ജി.ഒ(എം.എസ്സ്) നം.402/2010 ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളുടെ ഗുണനിലവാരം ഉയർത്തുവാനായി പ്രവേശന പരീക്ഷ സമ്പ്രദായം പരിഷ്കരിച്ച് എഞ്ചിനീയറിംഗ് സ്കീമിന്റെ പ്രവേശനവും, തുടർന്നുള്ള അലോട്ട്മെന്റ് പ്രക്രിയയിൽ, യോഗ്യതാ പരീക്ഷയിലും, പ്രവേശന പരീക്ഷയിലും നേടുന്ന മാർക്കിന് തുല്യമായി വെയിറ്റേജ് നൽകുവാൻ സർക്കാർ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ പ്രഗല്ഭരായ അക്കാദമിക വിദഗ്ധരെ ഉൾപ്പെടുത്തി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത എക്സ്പെർട്ട് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം യോഗ്യതാ പരീക്ഷയിലും, പ്രവേശന പരീക്ഷയിലും മാർക്കിന് തുല്യവെയിറ്റേജ് നൽകി ഏകീകരിക്കുകയും ചെയ്താണ് 2011-12 അക്കാദമിക് വർഷം മുതൽ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കി വരുന്നത്. 2012-13 അക്കാദമിക് വർഷം മുതൽ അക്കാദമിക് വിദഗ്ദ്ധരുടെ നിർദ്ദേശ പ്രകാരം മാർക്ക് ഏകീകരണത്തിന് ഉപയോഗിക്കുന്ന നോർമലൈസേഷൻ പ്രക്രിയയ്ക്ക് പകരം സ്റ്റാൻഡേഡ്ലൈസേഷൻ പ്രക്രിയ അവലംബിക്കുകയും പ്രസ്തുത രീതി ഇപ്പോഴും തുടർന്നുവരികയുമാണ്. |
| ബി) നിലവിലുള്ള പരീക്ഷാസമ്പ്രദായത്തിൽ ചില ഭേദഗതികൾ വരുത്തണമെന്ന നിർദ്ദേശം ഏതെങ്കിലും മേഖലകളിൽനിന്ന് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) മാർക്ക് ഏകീകരണവുമായി ബന്ധപ്പെട്ട് അക്കാദമിക് വിദഗ്ദ്ധരുടെ മേഖലകളിൽ നിന്ന് പുതിയ നിർദ്ദേശങ്ങൾ യാതൊന്നും ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| സി) | പരീക്ഷാവിജ്ഞാപനം മുതൽ കുട്ടികളുടെ പ്രവേശനം വരെയുള്ള വിവിധഘട്ടങ്ങളുടെ കൃത്യമായ സമയക്രമങ്ങൾ കാലേക്കൂട്ടി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ആസൂത്രണങ്ങൾ അവലംബിയ്ക്കുന്നതിൽ എത്രത്തോളം വിജയിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ; | സി) | പ്രോസ്പെക്ടസ് തയ്യാറാക്കുന്നതുമുതൽ പരീക്ഷാ വിജ്ഞാപനം, റാങ്ക് ലിസ്റ്റ്, അലോട്ട്മെന്റ് എന്നീ മുഴുവൻ നടപടികളും മുൻകൂട്ടി തയ്യാറാക്കി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിൻപ്രകാരമുള്ള സമയക്രമമനുസരിച്ചുള്ള ഷെഡ്യൂൾ പ്രകാരമാണ് നടത്തിവരുന്നത്. ഈ കഴിഞ്ഞ പ്രവേശന പരീക്ഷയുടെ വിവിധ ഘട്ടങ്ങളും കൃത്യമായി മുൻകൂട്ടി നിശ്ചയിച്ച സമയത്ത് തന്നെ പൂർത്തിയാക്കുകയും കൂടാതെ MBBS/BDS അലോട്ട്മെന്റിന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അവസാന ആഴ്ചയിലെ നിർദ്ദേശങ്ങൾ കൂടി പാലിച്ച് കൃത്യമായും സമയബന്ധിതവുമായി നടത്തി അലോട്ട്മെന്റ് വിജയകരമായി പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) | എൻട്രൻസ് പരീക്ഷാനടത്തിപ്പിൽ ഇതിനോടകം ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളും പോരായ്മകളും ഉൾക്കൊണ്ട് എന്തെല്ലാം പരിഷ്ക്കാരങ്ങൾ നടപ്പാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) | ഉന്നത വിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചേരുന്ന പ്രോസ്പെക്ടസ് റിവാംപ് കമ്മിറ്റിയുട നിർദ്ദേശ പ്രകാരമാണ് ഓരോ വർഷവും പ്രവേശന പരീക്ഷയുടെ പ്രോസ്പെക്ടസ് തയ്യാറാക്കുന്നത്. പ്രസ്തുത കമ്മിറ്റിയിൽ കഴിഞ്ഞ വർഷം പരീക്ഷ നടത്തിയതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിച്ച് യുക്തമായ മാറ്റം വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ